റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം

125(1191) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ; വിശദീകരിക്കാമോ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിക്കുന്നത് ഏതൊക്കെ പ്രവൃത്തികൾക്കാണ് ; വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ അഞ്ചുവർഷ കാലത്തെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ജില്ല തിരിച്ചുള്ള വിനിയോഗത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ പ്രസ്തുത ഫണ്ട് വിനിയോഗിച്ച് കഴിഞ്ഞ അഞ്ചുവർഷക്കാലം ഏറ്റെടുത്ത പദ്ധതികൾ ഏതെല്ലാമെന്നും നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും വെളിപ്പെടുത്താമോ;

(ഇ) പ്രസ്തുത ഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്നതിനായി എത്ര പ്രൊപ്പോസലുകൾ ജില്ലയിൽ നിലവിലുണ്ട്; ഇവ എന്നു മുതൽ നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ; വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിന് കീഴിൽ 2002-ൽ രൂപീകൃതമായ ചട്ടങ്ങളിലെ ചട്ടം 22 പ്രകാരമാണ് റിവർ മാനേജ്മെന്റ് ഫണ്ട് രൂപീകരിച്ചിട്ടുള്ളത്. കടവുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടും, നദീതീര വികസന പദ്ധതികൾക്കായുമാണ് ടി ഫണ്ടിൽനിന്നും തുക വിനിയോഗിക്കുന്നത്.

(ബി) 1. സർക്കാർ അംഗീകരിച്ച നദീതീര വികസന പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി വരുന്ന തുകകൾ

2. നിയമത്തിന്റെ 29-ാം വകുപ്പനുസരിച്ച് സെസ്സ് പോലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനുള്ള തുകകൾ

3. ജില്ലാ വിദഗ്ധ സമിതികളുടെയും സംസ്ഥാന ഉന്നതതല സമിതിയുടെയും യോഗനടപടികൾക്കും സമിതിയിലെ അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത നൽകുന്നതിനുംവേണ്ടി വരുന്ന തുകകൾ

4. റിവർ മാനേജ്മെന്റ് ഫണ്ട് ആഡിറ്റ് ചെയ്യുന്നതിനുള്ള തുക

LIBRARY ARCHIVES, Kerala Legislative Assembly

5. അനുമതിയില്ലാത്ത കടവുകളിലെ മണൽ ഖനനം തടയുന്നതിനായി സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുള്ള ചെലവുകൾ

6. കടവുകളിൽ വാഹനം ഇറങ്ങാത്തവിധം 100 മീറ്റർ അകലത്തിൽ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുള്ള ചെലവുകൾ

7. അനധികൃത മണൽവാരൽ തടയുന്നതിനുള്ള പട്രോളിംഗിന് ഉപയോഗിക്കുന്ന വാഹനങ്ങളുടെ ഇന്ധന ചെലവുകൾ

8. സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെയോ സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ളതോ ആയ കാര്യങ്ങളുടെ നടത്തിപ്പിനുള്ള ചെലവുകൾ

9. പ്രകൃതിക്ഷോഭം, വരൾച്ച, പേമാരി എന്നിവ മൂലമുണ്ടായ നാശനഷ്ടങ്ങൾ പുനഃസ്ഥാപിക്കുന്നതിലേയ്ക്കായി സർക്കാർ നടത്തിയതും പൂർത്തീകരിച്ചതുമായ പ്രവൃത്തികൾക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെയോ പ്രത്യേക നിർദ്ദേശത്തോടെയോ നൽകുന്ന ചെലവുകൾ

10. ഒരു കടവിൽനിന്ന് മണൽ കൊണ്ടുപോകുമ്പോൾ നൽകേണ്ടതായ പാസ് അച്ചടിക്കുന്നതിനുള്ള ചെലവുകൾ

11. 9-ാം ഉപചട്ടത്തിന്റെ (എസ്) ഖണ്ഡത്തിന്റെ ആവശ്യത്തിലേയ്ക്കായി ജീവനക്കാരെ ദിവസ വേതനത്തിൽ നിയമിക്കുമ്പോൾ ഒരു ദിവസം 120 രൂപാവീതം നൽകുന്നതിനുള്ള ചെലവ്.

(സി) കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ജില്ല തിരിച്ചുള്ള വിനിയോഗത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) നദീതീരങ്ങളിലെ പാർശ്വഭിത്തി നിർമ്മാണം, റിവർ മാനേജ്മെന്റ് സെല്ലിലെ ജീവനക്കാരുടെ ശമ്പളം, ജില്ലാ വിദഗ്ധ സമിതിയുടെ യോഗ നടപടികൾക്കും അനൗദ്യോഗിക അംഗങ്ങളുടെ യാത്രാബത്ത നൽകുന്നതിനും സർക്കാർ ഉത്തരവനുസരിച്ചുള്ള വിവിധ പദ്ധതികൾക്കുമാണ് പ്രസ്തുത ഫണ്ട് കഴിഞ്ഞ അഞ്ചുവർഷക്കാലം വിനിയോഗിച്ചത്.

(ഇ) തിരുവനന്തപുരം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് നടത്തുന്നതിന് 22 പ്രൊപ്പോസലുകളുണ്ട്. ഇതിൽ 20 എണ്ണത്തിന് സ്റ്റേറ്റ് ഹൈലെവൽ കമ്മിറ്റി അനുമതി നൽകിയിട്ടുണ്ട്. അതിൽ 7 എണ്ണം പൂർത്തിയായിട്ടുണ്ട്. ബാക്കി പദ്ധതികൾ നടപ്പിലാക്കി വരുന്നതും ഈ വർഷംതന്നെ പൂർത്തിയാക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly